ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 32 ഐ.ടി.ഐകളും പട്ടികജാതി വകുപ്പിന്റെ കീഴിൽ 41-ഉം പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 1 ഐ.ടി.ഐ.യും ഉൾപ്പെടെ 74 എണ്ണം പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-എ)*

(ബി) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ ആകെ 394 ഐ.ടി.സി.കൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-ബി)*

(സി) ഇല്ല. ബാധകമല്ല.

(ഡി) സംസ്ഥാനത്ത് 12 ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ഉണ്ട്. ധനുവച്ചപുരം, ചാക്ക, കൊല്ലം, കൊല്ലം (വനിത). ചെങ്ങന്നൂർ(വനിത), കളമശ്ശേരി(വനിത), ചാലക്കുടി(വനിത), മലമ്പുഴ(വനിത), അരീക്കോട്, കോഴിക്കോട്(വനിത), കണ്ണൂർ(വനിത), കയ്യൂർ എന്നി ഐ.ടി.ഐ.കളിലാണ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ഉള്ളത്.

ചൈൽഡ് ലേബർ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകൾ

58 (1250) പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈൽഡ് ലേബർ ടെക്നീഷ്യൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അപകടകരമായ ജോലികൾ ചെയ്തുവരുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നിയോഗിച്ച എന്യൂമറേറ്റർമാരുടെ പരിചയക്കുറവ്കൊണ്ട് പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട് 1986-(61 ഓഫ് 1986)-ലെ വകുപ്പ് 9 (എ) (ബി) (സി) (ഡി) പ്രകാരം വിവരങ്ങൾ നൽകാത്ത തൊഴിലുടമകൾക്കെതിരെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സ്വീകരിച്ച പ്രോസക്യൂഷൻ നടപടികൾ എന്താണെന്നു വിശദീകരിക്കാമോ ;

(ഡി) പ്രസ്തുത നിയമത്തിലെ 11-ാം വകുപ്പ് പ്രകാരം രജിസ്റ്റർ സൂക്ഷിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെയും 12-ാം വകുപ്പ് പ്രകാരം നോട്ടീസ് പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെയും എന്ത് നടപടികളാണ് കഴിഞ്ഞ 2 വർഷങ്ങളിൽ സ്വീകരിക്കപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ചൈൽഡ് ലേബർ പ്രൊഹിബിഷനുമായി ബന്ധപ്പെട്ട മെഡിക്കൽ അഡ്വൈസറി ബോർഡ് പുന:സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണെന്നു വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാലവേല നിരോധിച്ചിട്ടുള്ള തൊഴിലുകളുടെ പട്ടികയിൽ പുതിയ തൊഴിലുകൾ ചേർക്കുന്നതിന് കേന്ദ്രസർക്കാരിനെ ഉപദേശക്കുന്നതിനായി ഒരു ചൈൽഡ് ലേബർ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. എന്നാൽ ഇപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്. തൊഴിൽ അപകടകരമാണോ അല്ലയോയെന്നും കുട്ടികളുടെ വയസ്സ് തിട്ടപ്പെടുത്തുന്നതിലും മറ്റു എന്യൂമറേറ്റർമാർക്ക് മതിയായ പരിശീലനമില്ലായ്മമൂലം പിശക് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിയമ വ്യവസ്ഥ പ്രകാരമുള്ള വിവരങ്ങൾ നൽകാത്തതിന് രണ്ടു തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 2 വർഷക്കാലയളവിൽ ഈ ലംഘനങ്ങൾക്ക് പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടില്ല.

(ഇ) പുന:സംഘടിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) തൊഴിലുടമ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ റാങ്കിൽ കുറയാത്ത രണ്ട് മെഡിക്കൽ ആഫീസറുമാണ് അംഗങ്ങളായി നിർദ്ദേശിച്ചിട്ടുള്ളത്.

ദേശസാൽക്കൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

59 (1251) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യുടെ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ നിന്നും പിൻവലിച്ചു, പകരം പുതുതായി എത്ര ബസ്സുകൾ സർവ്വീസിനായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ മൊത്തം എത്ര സർവ്വീസുകൾ റദ്ദു ചെയ്തിട്ടുണ്ടെന്നും എത്ര റൂട്ടുകൾ സ്വകാര്യവൽക്കരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly